## ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം-14.

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നത്- അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസർ ഡോ. ഫഹദ് മുഹമ്മദ് ഷരീഫ്.എ..റ്റി-ക്കെതിരായ അച്ചടക്ക നടപടി- സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

പരാമർശം- 1. 22.06...2015-ലെ ഈ ആഫീസിലെ ഇ 1-11204/2015//ഡി.ഐ.എം.എസ് എന്ന ഉത്തരവ്

2. 29.03.2016-ലെ ഈ ആഫീസിലെ ഡി3-5995/2015/ഡി.ഐ.എം.എസ് എന്ന കാരണം കാണിക്കൽ നോട്ടീസ്.

### ഉത്തരവ് നം.ഡി3-5995/2016/ഡി.ഐ..എം..എസ്.തീയതി 9.6.2016

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസറായ ഡോ.ഫഹദ് മുഹമ്മദ് ഷരീഫ്.എ..റ്റി- പാലക്കാട് ഇ.എസ്.ഐ ആശുപത്രിയിൽ ജോലിനോക്കിവരവെ പി.ജി. കോഴ്സിന് പ്രവേശിക്കുന്നതിനായി 14.06.2012--ന് വിടുതൽ ചെയ്തിരുന്നു 15.6.2012 മുതൽ 14.6.2015 വരെയുള്ള കോഴ്സ് പൂർത്തിയായതിനുശേഷം ജോലിയിൽ പ്രവേശിക്കുന്നതിനായി ടിയാളെ തോട്ടട ഇ.എസ്.ഐ ആശുപത്രിയിൽ നിയമിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടിയാൾ ജോലിയിൽ പ്രവേശിക്കുകയോ ജോലിയിൽ പ്രവേശിക്കാതിരിക്കുന്നതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ടിയാളുടെ ഭാഗത്തുനിന്നുണ്ടായ പ്രവർത്തികൾ തികഞ്ഞ അച്ചടക്കരാഹിത്യവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമായിരുന്നു..

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 12.01.2012-ൽ- അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസറായി ജോലിയിൽ പ്രവേശിച്ച ഡോ.ഫഹദ് മുഹമ്മദ് ഷരീഫ്.എ..റ്റി- കേവലം 5 മാസക്കാലമാണ് ഈ വകുപ്പിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളത്. ടിയാൻ തന്റെ പ്രൊബേഷൻ കാലയളവിൽ തന്നെ അച്ചടക്ക രാഹിത്യവും ചട്ടലംഘനവും നടത്തിയിരിക്കുന്നു. തുടർന്ന് 14.06.2012 പ്രാബല്യത്തിൽ ടിയാളുടെ ഈ വകുപ്പിലെ സേവനം അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനായി താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.വെന്നും പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ പ്രതികരിക്കുകയുണ്ടായില്ല..

ഈ സാഹചര്യത്തിൽ പ്രൊബേഷൻ കാലയളവിൽ തന്നെ അച്ചടക്ക രാഹിത്യവും ചട്ടലംഘനവും നടത്തിയ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഡോ.ഫഹദ് മുഹമ്മദ് ഷരീഫ്.എ..റ്റി--നെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടം 19 (എ) 11 പ്രകാരം 14.6.2012 പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായുള്ള താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ.എം.ബീനത്ത്
ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ഡോ.ഫഹദ് മുഹമ്മദ് ഷരീഫ്.എ..റ്റി-
Arathi Thodika House, Venniyur.P.O,
Malappuram-676 503.

പകർപ്പ്- 1. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
2. ഉത്തരമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, കോഴിക്കോട്
3. സൂപ്രണ്ട് , ഇ.എസ്.ഐ ആശുപത്രി, പാലക്കാട്/തോട്ടട
4. ഇ-ഗവേണൻസ് 5. ഇ 1-സെക്ഷൻ 6.. ഫയൽ/സ്റ്റോക്ക് ഫയൽ